# ഏകദൈവവിശ്വാസവും ഭാരതീയ സംസ്കൃതിയും

പഠനം ● പി.എ ഉമർ ഫാറൂഖ് മതിലകം

**മാനവസംസ്കാരത്തിന്റെ** അടിവേരുകൾ ചികയുന്നിടത്തെല്ലാം തെളിഞ്ഞുവരുന്ന ഒരു വസ്തുത, ആ മികവുറ്റ സംസ്കൃതികളുടെയെല്ലാം ഊടും പാവും ദൈവവിശ്വാസത്തിന്റെ തറികളിൽനിന്നുണ്ടായിട്ടുള്ളതാണ് എന്നാണ്. ഏതൊരു സംസ്കൃതിയും അതിന്റെ അടിത്തറകൾ ഉറപ്പിച്ചിട്ടുള്ളത് വിശ്വാസസംഹിതകളെന്ന അമൂല്യ സവിശേഷതയിലാണ്. ഇതേ സവിശേഷതകൾ തന്നെയാണ് സംസ്കാരിക പൈതൃകങ്ങളെ വളർത്തിക്കൊണ്ട് വന്നിട്ടുള്ളതും.

ദൈവസങ്കൽപ ചരിത്രങ്ങളിൽ ഏകദൈവത്വ വിശ്വാസമാണ് ഒട്ടുമിക്ക സംസ്കാരത്തിന്റെയും ശൈശവാവസ്ഥയിൽ നിഴലിച്ചു കണ്ടിട്ടുള്ളത്. പിന്നീടുണ്ടായ പരിണാമ വൈകൃതങ്ങളിൽ അവ കുഴിച്ചുമൂടപ്പെടുകയായിരുന്നു. അബുൽ കലാം ആസാദിന്റെ അഭിപ്രായത്തിൽ, ഒരു പ്രത്യേക തരം തലതിരിഞ്ഞ പരിണാമമാണ് ദൈവസങ്കൽപങ്ങളുടെ കാര്യത്തിൽ പ്രകടമായിട്ടുള്ളത്.[1] പ്രവാചകന്മാരാൽ അവതീർണമായ വിശ്വാസ സംഹിതകൾക്ക് പിന്നീടുണ്ടായ അപചയവും കളങ്കവും മനുഷ്യകൈകടത്തലുകൾ കൊണ്ടുണ്ടായതാണെന്നുള്ള കാര്യം തർക്കമറ്റതാണ്. ഭാരതീയ സംസ്കൃതിയിലും ഈ അസാധാരണ പരിണാമം മുഴച്ചുനിൽക്കുന്നുണ്ട്.

ലോക സംസ്കാരങ്ങളുടെ ശ്രേണിയിൽ ഭാരതീയ കൃതികളുടെ മാറ്റു തെളിയിച്ച ഘടകങ്ങൾ നിരവധിയാണ്. ധൈഷണിക ദാർശനിക തത്ത്വചിന്തകളെ മനോഹരമായ സാഹിത്യ ഭാഷയുടെ ചേരുവയോടെ അവതരിപ്പിച്ചുകൊണ്ട് തീർത്തും അനുപമമായ ചിന്താമണ്ഡലമാണ് ഭാരതീയ പൈതൃകം സൃഷ്ടിച്ചെടുത്തിട്ടുള്ളത്. ദൈവിക വചനങ്ങളിൽനിന്നും നിയമനിർദേശ വിചാരങ്ങളിൽനിന്നും ഭാരതീയ മതസംഹിതകൾ ബഹുദൂരം മാറിപ്പോയിട്ടുണ്ടെങ്കിലും ദൈവിക ഉദ്ഘോഷങ്ങളുടെ ശേഷിപ്പുകൾ ഇപ്പോഴും അവയിൽ ബാക്കി നിൽക്കുന്നുണ്ട്.

കൃതികളുടെയും ആശയങ്ങളുടെയും ബാഹുല്യം ഭാരതീയ മതസംഹിതകളുടെ ഒരു പ്രധാന സവിശേഷതയാണ്. പഠന ഗവേഷണങ്ങൾക്ക് അതൊരു തടസ്സമായിട്ടുണ്ട് എന്നുള്ളതും ഓർക്കേണ്ടതുണ്ട്. ഭാരതീയ തത്ത്വചിന്തയുടെ പ്രാരംഭം പ്രാചീനാര്യന്മാരുടെ കാലത്താണെങ്കിലും അതിന്റെ വികാസം സാധ്യമായിട്ടുള്ളത് പിന്നീടുള്ള കാലഘട്ടങ്ങളിൽ ആയിരുന്നു. വേദസംഹിതകളിൽ തുടങ്ങി ബ്രാഹ്മണ്യങ്ങൾ, ആര്യണ്യകങ്ങൾ, ഉപനിഷത്തുകൾ പിന്നീട് പ്രചാരം നേടിയ ഇതിഹാസങ്ങൾ, പുരാണങ്ങൾ സ്മൃതികൾ... എന്നിങ്ങനെ പോകുന്നു ഭാരതീയ മതസംഹിതകളുടെ ദൈർഘ്യമുറ്റ പട്ടിക. ഇവയിൽ എല്ലാം തന്നെ വൈവിധ്യങ്ങളുടെയും വൈരുധ്യങ്ങളുടെയും മഹാ പ്രഹേളിക തന്നെ കാണാനാവുന്നതാണ്. വിശ്വാസ വൈരുധ്യങ്ങളുടെ കുത്തൊഴുക്ക് ഏറെയുണ്ടെങ്കിലും ദൈവിക പ്രബോധനങ്ങളുടെ മൗലികാശയമായ ഏകദൈവത്വം അവയിൽ പ്രകടമാവുന്നുണ്ട്.

## വേദസംഹിതകളും ഏകദൈവത്വവും

പൗരാണിക മതസാഹിത്യങ്ങളിൽ പ്രഥമഗണനീയവും പ്രാചീനവുമായിട്ടുള്ളത് വേദസംഹിതകളാണ്. ഋഗ്വേദം, സാമവേദം, യജുർവേദം എന്ന 'ത്രയീ' വേദങ്ങളും പിന്നീടുവന്ന അഥർവവേദവുമാണ് വേദങ്ങളുടെ പട്ടികയിൽ ഉള്ളത്. അഥർവവേദത്തിന്റെ സാധുത പരിശോധനാ വിധേയമെങ്കിലും ഋഗ്വേദം തന്നെയാണ് അവയിൽ പ്രഥമവും മൗലികവും പ്രാചീനവും. ക്രി.മു പതിനഞ്ചാം നൂറ്റാണ്ടിൽ എഴുതപ്പെട്ടു എന്നു പൊതുവെ കരുതപ്പെടുന്ന ഋഗ്വേദസംഹിത ഒരു മതഗ്രന്ഥമെന്നതിലുപരി ഒരു കവിതാ സമാഹാരമാണ്. ഋഗ്വേദത്തിന്റെ ആദ്യ മണ്ഡലങ്ങളിലെ വിവിധ പ്രാർഥനകൾ ബഹുദൈവാരാധനക്കാധാരമായി ചില പണ്ഡിതന്മാർ ആശ്രയിക്കുന്നുണ്ടെങ്കിലും അവയെയെല്ലാം പൊതുവായി തിരുത്തിക്കൊണ്ടുള്ള സൂക്തങ്ങൾ പല ഇടങ്ങളിലും കാണാം.

"ഏക ഏവാഗ്നിർ ബഹുധാ സമിദ്ധ–
ഏക സൂര്യോ വിശ്വമനുപ്രഭൂത
ഏകൈ വോഷാ: സർവമിദം
വിഭാത്യേകം വ ഇദം വിബഭൂവ" [2]

(പലയിടങ്ങളിലും കത്തുന്ന അഗ്നി ഒന്നാണ്. എല്ലായിടത്തും പ്രകാശിക്കുന്ന സൂര്യൻ ഒന്നാണ്. ഇതിനെയെല്ലാം പ്രകാശിപ്പിക്കുന്ന ഉഷസ്സാണ്. ആ ഒന്നാണ് ഇതെല്ലാം).

വീണ്ടും മറ്റൊരു സൂക്തത്തിൽ:

"ഇന്ദ്രം മിത്രം വരുണമരനിമഹുരഥോ–
ദിവ്യ സ സുപർണോ ഗുരത്മൻ
എകം സദ്വിപ്രാ ബഹുധാ വദന്ത്യഗ്നിം
യമം മാതരിശ്വാനമാഗു" [3]

(അവർ അതിനെ ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി എന്നൊക്കെ വിളിക്കുന്നു. കവികൾ ആ ഒന്നിനെ പല പേരുകൾ നൽകികൊണ്ട് അഗ്നി യമൻ മാതിരിശ്വൻ എന്നൊക്കെ വിളിക്കുന്നു).

എന്നാൽ ഈ വചനങ്ങളെ മുഖവിലക്കെടുക്കാതെ മേൽ പറഞ്ഞ നാമങ്ങൾ വിവിധ ദൈവങ്ങളായി ഗണിച്ചുകൊണ്ട് വേദത്തിലെ ദൈവവിശ്വാസം ബഹുദൈവത്വത്തിൽ അധിഷ്ഠിതമെന്ന് വിശ്വസിച്ചു പോയവരിൽ സാധാരണ ജനത്തെ കൂടാതെ പണ്ഡിതന്മാരുമുണ്ട്.

ഋഗ്വേദാനുബന്ധിയായി വിലയിരുത്തപ്പെടുന്ന യജുർവേദം മന്ത്രങ്ങളുടെ ഒരു വലിയ സമാഹാരമാണ്. യാഗാദികൾക്ക് അനുപേക്ഷണീയമായ പ്രാർഥനകൾക്കായാണ് യജുർവേദമന്ത്രങ്ങൾ ഉപയോഗിച്ചിരുന്നത്. അക്കാരണം കൊണ്ടുതന്നെ ദൈവപ്രീതിക്കായുള്ള കീർത്തനങ്ങളും മറ്റും യജുർവേദ സംഹിതയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ഏകദൈവത്വത്തെ സാധൂകരിക്കുന്നതും എന്നാൽ ബഹുദൈവത്വത്തെ നിരാകരിക്കുന്നതുമായ വചനങ്ങൾ യജുർവേദത്തിൽ കാണാവുന്നതാണ്.

"സംബാഹു ഭ്യാം ധമതിസം പതത്രൈർ
ഭ്യാവാ ഭൂമി ജനയന്ദേവ ഏക" [4]

(ഏകനായ ദേവനാണ് വാനലോകത്തെയും പ്രിഥിയെയും സൃഷ്ടിച്ചിരിക്കുന്നത്. അവൻ എല്ലാവരുടെയും കൈകാലുകൾ പ്രവർത്തനക്ഷമമാക്കിയിരിക്കുന്നു).

കൂടാതെ മറ്റൊരു വചനത്തിൽ ബഹുദൈവാരാധനയെ ഖണ്ഡിക്കുന്നത് ഇങ്ങനെ:

"അന്ധാത്മ പ്രവിശ്യാന്തി
യെ അസംബുധി മുപസതെ"

(അവർ അന്ധകാരത്തിൽ പെട്ടുപോയിരിക്കുന്നു. അവർ പ്രകൃതി വിഭവങ്ങളെ സംപൂജ്യരാക്കിയിരിക്കുന്നു).

പൊതുവെ ആഭിചാരവശീകരണ മന്ത്രങ്ങളാൽ പൂരിതമായതുകൊണ്ടായിരിക്കണം, ഒടുവിലത്തെ വേദസംഹിതയായ അഥർവവേദത്തെ മതസംഹിതകളുടെ മൗലിക ശ്രേണിയിൽ ഉൾപ്പെടുത്താൻ പണ്ഡിതന്മാർ വിമുഖത കാണിക്കാറുണ്ട്. ആയതുകൊണ്ടുതന്നെ അതിനെ സമീപിക്കുന്നതും അത്തരമൊരു മുൻവിധിയോടെ കൂടിയായിരിക്കും. പ്രസ്തുത വേദത്തിലെ ദൈവിക പരാമർശങ്ങൾ തീർത്തും കൂടിക്കലർന്നതാകയാൽ അതിനെ ഇവ്വിഷയകമായി അപഗ്രഥിക്കുന്നത് നിരർഥകമായിരിക്കും.

## ഉപനിഷത്തുകളും ഏകദൈവത്വവും

തത്ത്വചിന്തയുടെ ധാരയിൽ ഇത്രയേറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള സംഹിത ഉപനിഷത്തല്ലാതെ മറ്റൊന്നുമാവില്ല. ഭാരതീയ സംസ്കൃതിയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത്, സർവാശയ സംപുഷ്ടം എന്നിങ്ങനെ എത്ര വിശേഷണങ്ങൾ നൽകിയാലും ഉപനിഷത്ത് എന്ന ദൈവിക സാഹിത്യത്തിന്, അതിന്റെ വില ചാർത്തിക്കൊടുക്കാനാവില്ല. 'ഭാരതീയ തത്ത്വചിന്തയുടെ ഹിമാലയം' എന്ന മാക്മുള്ളറെ പോലുള്ളവരുടെ വിശേഷണങ്ങളെ [5] അർഥവത്താക്കുന്നത് അവയുടെ സമഗ്രതയും അതിലുപരി വിഷയങ്ങളെ കൈകാര്യം ചെയ്തിരിക്കുന്ന രീതിയുമാണ്. വൈദിക സാഹിത്യങ്ങളായ ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ എന്നിവയിൽ നിന്ന് ഉപനിഷത്തുകളെ വേർതിരിച്ചു നിർത്തുന്നത് ഇതൊക്കെ തന്നെയാണ്. അവയിലെ വിഷയങ്ങളുടെ ബാഹുല്യം–ഏകദൈവത്വം മുതൽ നാസ്തികത്വം വരെ– അവയുടെ ചരിത്ര കാലഘട്ടങ്ങളും നിരവധി തവണ പഠന വിഷയമായിട്ടുണ്ട്. തത്ത്വചിന്തകരുടെ സ്വതന്ത്ര വിഹാരമാണ് ഉപനിഷത്തുകളിൽ കാണുന്നത്. പൊതുവെ അംഗീകരിക്കപ്പെടുന്ന 108 ഉപനിഷത്തുകളിൽ പ്രാധാന്യമർഹിക്കുന്നത് ഈശം, ഛന്ദോഗ്യം തുടങ്ങി മൈത്രീ, ശ്വേതശ്വതരം വരെയുള്ള പന്ത്രണ്ടെണ്ണമാണ്. ഇവയുടെ ജന്മകാലം ക്രി. മു 1000–നും മുമ്പാണെന്നാണ് [6] പണ്ഡിത മതം. അന്നു നിലവിലുള്ളതും തലമുറകളിലൂടെ കൈമാറിവന്നതുമായ ആശയ വിശ്വാസങ്ങളാൽ പ്രേരിതമായി രൂപംകൊണ്ട ഉപനിഷത്തുകൾ ഏകദൈവത്വവിശ്വാസത്തെ വളരെ പ്രത്യക്ഷമാകും വിധത്തിലാണ് അവതരിപ്പിച്ചിട്ടുള്ളത്.

ഛന്ദോഗ്യോപനിഷത്തിൽ ദൈവിക ഗുണങ്ങൾ പറയുന്നിടത്ത് 'ആസീ ദേകമേവാ ദ്വിതീയം' [7] (അവൻ ഏകനാണ്. രണ്ടാമതായി ആരും തന്നെയില്ല) എന്നിങ്ങനെ വെളിപ്പെടുത്തുന്നതായി കാണാം. ഈ സൂക്തത്തെ വിശദീകരിക്കുംവിധം ഡോ. രാധാകൃഷ്ണൻ ശ്രദ്ധേയമായ കുറിപ്പുകൾ നൽകിയിട്ടുണ്ട്.[8] തുടർന്ന് ശ്വേതശ്വതര ഉപനിഷത്തിൽ പറയുന്നത് നോക്കുക:

“ന തസ്യ പ്രതിമാ അസ്തി” [9] (അവന് തുല്യനായിക്കൊണ്ടാരുമില്ല). കൂടാതെ ശ്വേതശ്വതരോപനിഷത്തിൽ ദൈവം സ്വയംഭൂവും പിന്തുടർച്ചക്കാരനില്ലാത്തവനുമാണെന്നും പ്രസ്താവിക്കുന്നതായി കാണാം.[10]

## ദർശനങ്ങളിലേക്ക്

വേദങ്ങളും വൈദിക സാഹിത്യങ്ങളും അപ്രസക്തമായി തുടങ്ങിയ ഒരു കാലഘട്ടമാണ് ഭാരതീയ സംസ്കൃതിയിൽ പിന്നീട് നാം കാണുന്നത്. വർണവ്യവസ്ഥയും ബ്രാഹ്മണ മേധാവിത്വവും സംസ്കാരത്തിന്റെ ഭാഗമായി വളർന്നുവന്നത് ക്രി.മു ഏഴാം നൂറ്റാണ്ട് മുമ്പ് മുതൽക്കാണ് എന്ന് കാണുന്നു. ഏതാണ്ട് ഇതിനോട് സമകാലികമായാണ് വേദചിന്തകളെയും സ്വതന്ത്രാശയങ്ങളെയും സ്വാംശീകരിച്ചു കൊണ്ടുള്ള വിവിധ ദർശനങ്ങൾ ഉയർന്നുവന്നതും. മനുഷ്യാസ്തിത്വത്തെയും പ്രപഞ്ചോൽപത്തിയെയും ചൂഴ്ന്നുകൊണ്ടുള്ളതും സർവതല സ്പർശിയുമായ തത്ത്വചിന്താപരമായ അന്വേഷണങ്ങളാണ് വിവിധ ദർശനങ്ങളിൽ ചെന്നു പരിണമിച്ചത്. അന്വേഷണങ്ങൾ മിക്കവാറും സ്വതന്ത്ര മാർഗേണയായിരുന്നതിനാലായിരിക്കണം ദർശനങ്ങൾ ആശയങ്ങളിലും കാഴ്ചപ്പാടുകളിലും നിഗമനങ്ങളിലും വൈവിധ്യവും വൈരുധ്യവും കാണിക്കുന്നത്. ചാർവകദർശനം, യോഗദർശനം, സാംഖ്യദർശനം തുടങ്ങിയ ബൗദ്ധദർശനം, ജൈനദർശനം, വേദാന്തദർശനം ഇങ്ങനെ ഒരുപാട് ബഹുവർണദർശനങ്ങൾക്ക് ഭാരതീയ സംസ്കാരം സാക്ഷിയായിട്ടുണ്ട്.

ഇവയിൽ മിക്കവയിലും വേദസംഹിതകളിലെ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടിട്ടുള്ളതുകൊണ്ടായിരിക്കണം, ഏകദൈവത്വം ഉദ്ഘോഷിക്കുന്ന ദർശനങ്ങളും ഈ ധാരയിൽ വന്നിട്ടുള്ളത്. ജൈമിനിയുടെ മീമാംസ ദർശനത്തിലെ ഉത്തരമീമാസ ദർശനം പരമമായ ബ്രഹ്മത്തെ ഉയർത്തിപ്പിടിക്കുന്നതായി കാണാം.[11] മാത്രമല്ല, ജൈമിനിയുടെ അഭിപ്രായത്തിൽ ആ സർവാധൈകാരികയായ ശക്തിയാണ് പരമം.[12] അന്ന് നിലവിലുണ്ടായിരുന്ന ഭൗതിക ദർശനങ്ങളെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് രംഗത്തുവന്ന ബാദരായണന്റെ വേദാന്തദർശനം പ്രസ്തുത ഒഴുക്കിൽനിന്നും മാറി കൊണ്ട് അതിന്റേതായ ഒരു സ്ഥാനം നേടിയെടുത്തു. ക്രി.മു നാലാം നൂറ്റാണ്ടിനു ശേഷമാണ് ഇതിന്റെ സ്ഫുരണങ്ങൾ കണ്ടുതുടങ്ങിയത്. പ്രപഞ്ചാതീതനായ ഒരു ശക്തിവിശേഷണമാണ് ലോകനിയന്താവ് എന്ന് വേദവാക്യങ്ങൾ അടിസ്ഥാനപ്പെടുത്തി ബ്രഹ്മസൂത്രങ്ങളിലൂടെ അദ്ദേഹം വ്യക്തമാക്കി. ഉപനിഷത്തുകളുടെ ആത്മീയ വ്യാഖ്യാനമാണ് വേദാന്തദർശനത്തിനാധാരം. ബ്രഹ്മസൂത്രങ്ങളിലെ ഈ പരസ്യമായ പ്രസ്താവന കാണുക:

"ഏകം ബ്രഹ്മ ദ്വിതീയ നസതെ
നെ ന നസതെ കിൻചാൻ"
(ദൈവം ഒന്നേയുള്ളൂ. രണ്ടാമനായി ആരുമില്ലതന്നെ).

മാത്രമല്ല ബഹുദൈവവിശ്വാസം പോലെയുള്ള വിശ്വാസ രീതികൾക്ക് അവർ യാതൊരുവിധ പ്രാധാന്യവും നൽകിയിരുന്നില്ല. ദാർശനികർ അതിനെ അന്നേ കൈയൊഴിഞ്ഞിരുന്നു.

## ഗീതയിലേക്ക്

"അധികപേരും അന്യ ദേവതകൾ മുഖേനയാണ് എന്നോട് അടുക്കുന്നത്. യജ്ഞങ്ങളും പ്രാർഥനകളും അവർ അന്യർക്കപ്പിക്കുന്നു. അതിനവർക്ക് ഞാൻ ശക്തിയും ഉതവിയും നൽകുന്നു. അവരുടെ ഇംഗിതവും ഞാൻ സാധിച്ചുകൊടുക്കുന്നു. എന്നാൽ അവരെ എനിക്കു ആവശ്യം ഇല്ലതന്നെ." പ്രചാരത്തിലും ജനപ്രീതിയിലും ഇതര ഭാരതീയ കൃതികളിൽനിന്ന് സവിശേഷമായിരിക്കുന്ന ഭഗവത് ഗീതയിലെ ഈയൊരു ഉപദേശം ഏകദൈവത്വത്തിനു പിൻബലം നൽകുന്നു. മറ്റൊരു ശ്ലോകത്തിൽ ഇങ്ങനെ:

"യോ മാമജമനാദിം ച
വേത്തി ലോകമഹേശ്വരം
അസംമൂഢഃ സ മർത്ത്യേഷു
സർവപാപൈഃ പ്രമുച്യതേ"[13]

(യാതൊരുവൻ ജനനമില്ലാത്തവനും ആദിയില്ലാത്തവനും സർവലോകനാഥനുമായി അറിയുന്നുവോ അവൻ മനുഷ്യരിൽ വെച്ച് മോഹമറ്റവനായി സർവ പാപങ്ങളിൽനിന്നും മുക്തനായിത്തീരുന്നു).

ഈ സൂക്തങ്ങളിലൂടെ പറയാൻ ശ്രമിക്കുന്നത് കേവലം ദൈവമെന്ന സത്തയെ മാത്രമല്ല, ദൈവത്തിന്റെ ചില വിശേഷണങ്ങൾ കൂടിയാണ്. അവൻ ആദിയില്ലാത്തവനും സർവോപരി നാഥനുമാണന്നും കൂട്ടിച്ചേർക്കുന്നു. ചാതുർവർണ്യ വ്യവസ്ഥയുടെ സ്ഥാപനത്തിനും സുഗമമായ നീക്കത്തിനും ദൈവിക പരിവേഷം നൽകാൻ ഗീത കർത്താവ് ശ്രമിക്കുന്നുണ്ടെങ്കിൽ പോലും അന്നു വിശ്വാസത്തിലിരുന്നതും പാരമ്പര്യമായി വന്നു കിട്ടിയതുമായ ധർമോപദേശങ്ങൾ ഗീതയിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതുകൊണ്ടുതന്നെ അവയിൽ ഏകദൈവത്വ പരാമർശങ്ങൾ പ്രകടമാകുന്നത് കാലത്തിന്റെ ഒഴുക്കിൽ വിസ്മൃതമായിപ്പോയ മൗലിക ദർശനത്തിന്റെ ശേഷിപ്പുകൾ എന്ന നിലക്കാണ്.

## പണ്ഡിതന്മാരുടെ സാക്ഷ്യം

പ്രശസ്ത വേദപണ്ഡിതനായ ഡോ. രാധാകൃഷ്ണൻ ഈ രംഗത്തുള്ള തന്റെ അന്വേഷണ നിഗമനങ്ങൾ ഇങ്ങനെ സംഗ്രഹിക്കുന്നു: "പരമേശ്വരൻ ഒന്നേ ഉണ്ടായിക്കൂടൂ. രണ്ട് പരമേശ്വരനും എണ്ണമറ്റ സത്തകളുമുണ്ടാവുക സാധ്യമല്ല. ഒരു ദേവൻ മറ്റൊരു ദേവന്റെ സൃഷ്ടിയാണോ എന്ന ചോദ്യം പലതവണ എല്ലായിടത്തും ചോദിക്കപ്പെട്ടിട്ടുണ്ട്. സൃഷ്ടിക്കപ്പെട്ട ദേവൻ ഈശ്വരനേയല്ല."[14] അദ്ദേഹം തന്നെ തന്റെ ഇന്ത്യൻ ഫിലോസഫിയിൽ വ്യക്തമാക്കുന്നത് ഇങ്ങനെ: "വാസ്തവത്തിൽ ബഹുദൈവത്വപരമായ വിശ്വാസങ്ങൾ ഇന്ത്യൻ മനസ്സിൽ വേരുറച്ചുപോയിരിക്കുന്നു. അതിനെ ഒറ്റയടിക്ക് പറിച്ചെറിയുക എളുപ്പമായിരുന്നില്ല. അതിനാൽ ഏകത്വം വെളിപ്പെട്ടിട്ടും ഇതര ദൈവങ്ങൾ ഇല്ലാതായില്ല."[15]

ആര്യ സമാജ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതി തന്റെ പഠനം ഉപസംഹരിക്കുന്നത് ഇങ്ങനെ: "പ്രാചീന ഭാരതീയർ ഏക ദൈവവിശ്വാസികൾ ആയിരുന്നു. അവരുടെ ആരാധന രീതികൾ പഠനം നടത്തിയവരെല്ലാം ഇതംഗീകരിക്കുന്നു. ഏതാനും ചില ആര്യ പുരുഷന്മാർ മാത്രമല്ല, യൂറോപ്പ് ആദിയായ ദേശങ്ങളിൽ വസിക്കുന്ന ആംഗ്ലിയാദികളും ആര്യന്മാരും അനേകം ദേവതകളെ ആരാധിച്ചിരുന്നു എന്നു പറയുന്നത് വെറുതെയാണ്. പ്രാചീന ഭാഷകളിൽ അഗ്നി വരുണൻ മുതലായ പേരുകളിൽ ഗ്രഹിച്ചിട്ടുള്ളത് ഉപാസ്യനായ ഏകേശ്വരനെയാണ്. ആ ഈശ്വരനെ മാത്രമേ അവർ ഉപാസിച്ചിട്ടുള്ളൂ."[16]

ഇവർ മാത്രമല്ല ബ്രഹ്മസമാജ സ്ഥാപകനായ രാജറാം മോഹൻ റോയിയും അദ്ദേഹത്തെ പിൻപറ്റി പ്രശസ്ത ചിന്തകനും രവീന്ദ്രനാഥ ടാഗോറിന്റെ സഹോദരനുമായ ദേവേന്ദ്രനാഥ ടാഗോറും ഹൈന്ദവ ഭാരതീയ സംസ്കൃതിയിൽ ഉദാത്തമായി കാണുന്നത് ഏകദൈവത്വ വിശ്വാസമാണ്. ഏകദൈവത്വമാണ് പ്രാമാണികമെന്നും ബഹുദൈവരാധന നിരർഥകമാണെന്നും അവർ സംശയാതീ

തമായി സ്ഥാപിച്ചു. ഈ കണ്ടെത്തൽ തന്നെയായിരുന്നു ആര്യ സമാജത്തിന്റെ പിറവിക്കു പിന്നിലും. ഇതിനു പുറമെ ഹൈന്ദവ ക്രൈസ്തവ ഇസ്ലാമിക സംസ്കാരങ്ങളുടെ അടിവേരുകൾ കൂട്ടിയിണക്കാനും അദ്ദേഹം ശ്രമിക്കുകയുണ്ടായി. ■

**റഫറൻസ്:**

1. ദൈവസങ്കൽപം കാലഘട്ടങ്ങളിലൂടെ, പേജ് 11
2. ഋഗ്വേദം 4: 58:2
3. ഋഗ്വേദം 1:164,165
4. യജുർവേദം 10:17–19
5. തത്ത്വമസി, സുകുമാർ അഴീക്കോട്, അധ്യായം: ഉപനിഷത്ത്
6. ഇന്ത്യൻ ഫിലോസഫി,
   ഡോ. രാധാകൃഷ്ണൻ
7. ചന്ദോഗ്യോപനിഷത്ത് 6:2:1
8. ദ പ്രിൻസിപ്പൽ ഉപനിഷത്ത്,
   ഡോ. രാധാകൃഷ്ണൻ, പേജ് 745
9. ശ്വേതശതരോപനിഷത്ത് 4:19
10. ശ്വേതശതരോപനിഷത്ത് 6:9
11. ഭാരതീയ ചിന്ത, കെ. ദാമോദരൻ, പേജ് 236
12. മീമാംസാ സൂക്തം 111:1.5
13. ശ്രീമദ് ഭഗവത് ഗീത, വിഭൂതിയോഗം, ശ്ലോകം 3
14. ഭാരതീയദർശനം, വാല്യം 1, പേജ് 68,69
15. ഇന്ത്യൻ ഫിലോസഫി,
    വാല്യം 1, പേജ് 144
16. വേദപര്യടനം, ദയാനന്ദ സരസ്വതി, പേജ് 94